**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1463** **30-08-2022 - ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര അപേക്ഷകർക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒന്നാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 13,514 പട്ടയങ്ങളും, രണ്ടാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 41,021 പട്ടയങ്ങളും, ഉൾപ്പെടെ ഒരു വർഷ കാലയളവിനുള്ളിൽ ആകെ 54,535 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിലെ 1-ാം വാർഡിൽ ഉൾപ്പെട്ട നികരുംപുറത്ത് നൂറ് വർഷത്തിലധികമായി താമസിക്കുന്ന 15 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത് പരിഗണനയിലുണ്ടോ; | (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ മുളക്കുഴ പഞ്ചായത്തിലെ ഒന്നം വാർഡിൽ ഉൾപ്പെട്ട നികരുംപുറത്ത് നൂറ് വർഷത്തിലധികമായി താമസിക്കുന്ന 15 കുടുംബങ്ങൾക്ക് പട്ടയം നൽകുന്ന വിഷയം പരിഗണനയിലുണ്ട്. |
| (സി) | എങ്കിൽ അത് സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | ചെങ്ങന്നൂർ താലൂക്കിൽ മുളക്കുഴ വില്ലേജിൽ ബ്ലോക്ക് നമ്പർ 17 ൽ റീസർവ്വേ 74/10 ൽ പ്പെട്ട 28.40 ആർസ് ഭൂമി 443-ാം നമ്പർ തണ്ടപ്പേർ പ്രകാരം വടക്കേക്കര പകുതിയിൽ തറയിൽ കാട്ടിൽ കിഴക്കേതിൽ ഉമ്മുമ്മൻ വർഗ്ഗീസ് എന്നയാളുടെ പേരിലാണ്. ടി സ്ഥലം നിലവിൽ നികരുംപുറം കോളനി എന്നറിയപ്പെടുന്നു. 15 കുടുംബങ്ങൾ 1982 മുതൽ ടി സ്ഥലത്ത് താമസിച്ചു വരുന്നു. തണ്ടപ്പേർ കക്ഷിയിൽ നിന്ന് പഞ്ചായത്തിനോ സർക്കാരിലേക്കോ ടി ഭൂമി വിട്ടുകിട്ടിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി വ്യക്തിയുടെ പേരിൽ കൊണ്ട് കിടക്കുന്ന ഭൂമി സർക്കാരിലേക്കോ പഞ്ചായത്തിലേക്കോ മാറ്റുന്നതിനുള്ള നടപടി ചെങ്ങന്നൂർ തഹസിൽദാർ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത മണ്ഡലത്തിലെ ചെങ്ങന്നൂർ നഗരസഭയിലെ 19-ാം വാർഡിൽ നൂറ് വർഷത്തിലധികമായി താമസിച്ച് വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട അഞ്ച് | (ഡി) | ചെങ്ങന്നൂർ നഗരസഭയിലെ 19-ാം വാർഡിൽ താമസിച്ച് വരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി |

| | | | |
|---|---|---|---|
| | കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | | ചെങ്ങന്നൂർ തഹസിൽദാർ സ്വീകരിച്ചു വരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) കുട്ടപ്പൻ ചണ്ണത്തുംകാലയിൽ<br><br>ഓർഡർ ഓഫ് അസൈൻമെന്റ് നല്കിയിട്ടുള്ളതാണ്.<br><br>2)തങ്കമ്മ നാരായണൻ<br><br>പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരവെ ടി വ്യക്തി മരണപ്പെട്ട് പോയിട്ടുള്ളതാണ്.<br><br>3),4) സുരേഷ് & കുമാരി രഘുനാഥ്<br><br>ഇവർ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച ശ്രീമതി. തങ്കമ്മ നാരായണന്റെ മകനും മരുമകളുമാണ്. ഇവർക്ക് താമസ ആവശ്യത്തിനുള്ള ഭൂമി മാത്രം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ വിഷയം ബഹുമാനപ്പെട്ട കേരള സംസ്ഥാന പട്ടികജാതി, പട്ടിക ഗോത്ര വർഗ്ഗ കമ്മീഷന്റെ പരിഗണനയിലുള്ളതായതിനാൽ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്.<br><br>5) ശ്രീമതി. ജോയമ്മ സി.കെ<br><br>പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ചെങ്ങന്നൂർ തഹസിൽദാർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ